# പതിനഞ്ചാം കേരള നിയമസഭ
# FIFTEENTH KERALA LEGISLATIVE ASSEMBLY

## സബ്ജക്ട് കമ്മിറ്റി X
## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST ENVIRONMENT AND TOURISM)

**2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2024 ജൂലൈ 11-ാം തീയതി സമർപ്പിച്ചത്
[Presented on 11th of July, 2024]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി X
## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST ENVIRONMENT AND TOURISM)

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

1024/2024.

# ഉള്ളടക്കം

പേജ്

| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി X
# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
# (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ:</u>

ശ്രീ. എ. കെ. ശശീന്ദ്രൻ,
വനം വന്യജീവി വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. പി. എ. മുഹമ്മദ് റിയാസ്,
പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

<u>അംഗങ്ങൾ:</u>

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. എം. മുകേഷ്

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. രാജ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. എസ് . സുപാൽ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി സുനിത സി., അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥന, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥന, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിലെ മേജർ ഹെഡ് 3435 എക്കോളജിയും എൻവയോൺമെന്റും എന്ന ശീർഷകവും ഉൾപ്പെട്ട സബ്ജക്ട് കമ്മിറ്റി X-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 27-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ആകെ 32 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ മറുപടികൾ 2024 ജൂലൈ മാസം 9-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ടിൽ സമിതിയുടെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2024 ജൂലൈ 9-ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**എ. കെ. ശശീന്ദ്രൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി X*

തിരുവനന്തപുരം,
2024 ജൂലൈ 11.

# റിപ്പോർട്ട്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്.

**സമിതിയുടെ ശിപാർശകളും സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും**

**ധനാഭ്യർത്ഥന നമ്പർ XXXIV**

**വനം  വന്യജീവി വകുപ്പ്**

ശിപാർശ

2406-01-003-97 —മാനവശേഷി വികസനം

ബഡ്ജറ്റ് വിഹിതം : 3.5 കോടി രൂപ

മനുഷ്യവിഭവശേഷി വർദ്ധനവിലൂടെയും മതിയായ പരിശീലനത്തിലൂടെയും വനം വകുപ്പിന്റെ ശാക്തീകരണമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഉദ്യോഗസ്ഥർക്കും, സന്നദ്ധ സംഘടനകൾക്കും മറ്റ് വികസന ഏജൻസികൾക്കുമുള്ള ബോധവൽക്കരണ പരിപാടികൾ, കപ്പാസിറ്റി ബിൽഡിംഗ് എന്നിവയ്ക്കായി നടപ്പുവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.73 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -  1)

സർക്കാർ സ്വീകരിച്ച നടപടി

2406-01-003-97—മാനവശേഷി വികസനം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം 3.50 കോടി രൂപ അനുവദിച്ചതിൽ 348.66478 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

അധികമായി തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2406-01-004-92 —വിഭവ ആസൂത്രണവും ഗവേഷണവും

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ

വിവിധ ഫോറസ്റ്റ് ഡിവിഷനുകളുടെ പ്രവർത്തന പദ്ധതികളും മാനേജ്മെന്റ് പ്ലാനുകളും തയ്യാറാക്കുകയും പരിഷ്കരിക്കുകയും ചെയ്യുക, ശാസ്ത്രീയമായ വനപരിപാലനം, ഫീൽഡ് സർവ്വെ, വനവിഭവങ്ങളുടെ വിവരശേഖരണത്തിന്റെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കൽ, നിലവിലുള്ള ഗവേഷണങ്ങൾ തുടരുന്നതിനും പുതിയ ഗവേഷണ പരീക്ഷണങ്ങൾ നടത്തുക, വിത്തുശേഖരണം മുതലായ പ്രവർത്തികൾ ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി നടപ്പുവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 2)

സർക്കാർ സ്വീകരിച്ച നടപടി

2406-01-004-92—വിഭവ ആസൂത്രണവും ഗവേഷണവും എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം അനുവദിച്ചിരുന്ന 1.5 കോടി രൂപയിൽ 102.045 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകുകയും ആയതിൽ നിന്നും 100.82709 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2406-01-101-81 —വന സംരക്ഷണം

ബഡ്ജറ്റ് വിഹിതം- 26 കോടി രൂപ

വനമേഖലയുടെ മെച്ചപ്പെട്ട രീതിയിലുള്ള പരിപാലനത്തിന് വനമേഖലയുടെ ഏകീകരണം, വനാതിർത്തികളുടെ സ്ഥായിയായ വേർതിരിക്കൽ, വന സംരക്ഷണത്തിന് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മണ്ണ്-ജലസംരക്ഷണ പ്രവർത്തികൾ എന്നിവ അത്യന്താപേക്ഷിതമാണ്. നിലവിലുള്ള വനവിഭവങ്ങൾ സംരക്ഷിക്കുക, പരിപാലിക്കുക, പുനരുദ്ധരിക്കുക തുടങ്ങിയ മാനദണ്ഡങ്ങളിലൂന്നി കാട്ടുതീ സംരക്ഷണ പ്രവൃത്തികൾക്കായി ഫയർ ലൈൻ, ഇന്റീരിയർ ക്യാമ്പ് ഷെഡ്സ്, ചെക്ക് പോസ്റ്റ് എന്നിവയുടെ അറ്റകുറ്റപണിയും തൊഴിലാളികൾക്കുള്ള വേതനം, ഭരണ ചെലവ്, എസ്.എം.സി. പ്രവർത്തനങ്ങൾ,

വനസംരക്ഷണ സമിതികൾ/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾക്കുള്ള സഹായധനം, തുടങ്ങിയ പ്രവർത്തികൾക്കുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 3)

സർക്കാർ സ്വീകരിച്ച നടപടി

2406-01-101-81 വന സംരക്ഷണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 26 കോടി രൂപയിൽ 2475.98 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകുകയും ടി തുകയിൽ നിന്നും 2273.18824 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2406-01-800-57—ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രാഫിക്കൽ വിവര സമ്പ്രദായവും

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ

വനം വകുപ്പിന്റെ സേവനങ്ങളിലും കണക്റ്റിവിറ്റിയിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. 130 റേഞ്ച് ലെവൽ ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കൽ, ഒരു ജിയോ - സ്പെഷ്യൽ ഫോറസ്റ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം വികസിപ്പിക്കുക തുടങ്ങിയ പ്രവർത്തികൾക്കായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -4)

സർക്കാർ സ്വീകരിച്ച നടപടി

2406-01-800-57- ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രാഫിക്കൽ വിവര സമ്പ്രദായവും എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 1.5 കോടി രൂപയിൽ 97.50 ലക്ഷം രൂപ റിലീസ്

ചെയ്ത് നൽകുകയും ടി തുകയിൽ നിന്നും 97.45926 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2406-02-110-09—മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

ബഡ്ജറ്റ് വിഹിതം - 30.85 കോടി രൂപ

സംസ്ഥാനത്ത് ഭയാനകമായ രീതിയിൽ മനുഷ്യ-മൃഗ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിന് വഴി വയ്ക്കുന്ന അടിസ്ഥാനകാരണങ്ങൾ കണ്ടെത്തുന്നതിനും ലഘൂകരിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള വിവിധ നടപടികൾ വകുപ്പ് കൈക്കൊള്ളേണ്ടതുണ്ട്. വന്യജീവി സങ്കേതങ്ങൾ മെച്ചപ്പെടുത്തുക, നിർമ്മാണ പ്രവർത്തികൾ ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുക, ദ്രുത കർമ്മസേനകൾ ശക്തിപ്പെടുത്തുക, പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക, മൃഗങ്ങളുടെ വരവിനെ/ആക്രമണത്തെ സംബന്ധിച്ച മുന്നറിയിപ്പ് നൽകുക, ഭൂവിനിയോഗത്തെ സംബന്ധിച്ചും, അനുയോജ്യമായ കൃഷിരീതികളെ സംബന്ധിച്ചും അവബോധ പരിപാടികൾ സംഘടിപ്പിക്കുക, പൊതുജന സഹായത്തോടുകൂടിയ ഇൻഷുറൻസ് പദ്ധതി ആരംഭിക്കുക തുടങ്ങിയ ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ വകുപ്പ് ലക്ഷ്യമിടുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം സർക്കാരിന് സമർപ്പിച്ചിട്ടുള്ള 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന 620 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കുന്നതിനായും നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനഃപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -5)

സർക്കാർ സ്വീകരിച്ച നടപടി

2406-02-110-09 - മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 30.85 കോടി രൂപയിൽ 2914.89167 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

വനത്തിനുള്ളിൽ താമസിക്കുന്നവർക്കുള്ള സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം നൽകുന്ന നഷ്ടപരിഹാര തുകയിലെ അപാകത വിലയിരുത്തിയ സമിതി, കുറഞ്ഞ ഭൂമി മാത്രം ഉള്ളവർക്കും 10 ഏക്കർ വരെ ഉള്ളവർക്കും ഒരേ മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നിശ്ചയിച്ച രീതിയിൽ അപാകത ഉണ്ടെന്നും ആയത് പുനഃപരിശോധിച്ച് കൂടുതൽ ഫലപ്രദമായും ആകർഷകമാക്കിയും പ്രസ്തുത പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -6)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും എസ്.എൽ.ഇ.സി. അംഗീകരിച്ച മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിലുമാണ് ഈ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നത്. ടി മാർഗ്ഗരേഖകൾ വ്യക്തമായി മനസ്സിലാക്കിയശേഷം ബോധവൽക്കരണ ക്ലാസിലും വേരിഫിക്കേഷനുകളിലും പങ്കെടുത്ത് പ്രസ്തുത പദ്ധതിയെക്കുറിച്ച് ബോധവാൻമാരായതിനുശേഷമാണ് അപേക്ഷകൾ സമർപ്പിക്കുന്നത്. ഈ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ആകൃഷ്ടരായി നിരവധിപേർ പദ്ധതി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായിട്ടില്ല. ഒന്നാംഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. വനത്തിനുള്ളിൽ താമസിക്കുന്ന സ്വയം സന്നദ്ധരായ ആദിവാസി ഇതര കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് റീബിൽഡ് കേരള ഡെവലപ്മെന്റ് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി. ടി പദ്ധതി 2019 നവംബർ 14-ാം തീയതിയാണ് ആരംഭിച്ചിട്ടുള്ളത്. നിലവിൽ മേൽ പദ്ധതി 27 വന ഡിവിഷൻ/വന്യജീവി സങ്കേതങ്ങളിലായി നടപ്പാക്കി വരുന്നു.

വനാന്തരങ്ങളിൽ ഒറ്റപ്പെട്ട താമസിക്കുന്നവർക്കും, വന്യജീവി ആക്രമണം, പ്രകൃതി ദുരന്തം, എന്നിവ നിരന്തരം അഭിമുഖീകരിക്കുന്നവർക്കും, മെച്ചപ്പെട്ട ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ മറ്റു അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭിക്കാത്ത ജനങ്ങൾക്കിടയിൽ റീബിൽഡ് കേരള ഡെവലപ്മെന്റ് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി ഇതിനകം സ്വീകാര്യത നേടിയിട്ടുള്ളതാണ്. മേൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിക്ക് ഓരോ അർഹതപ്പെട്ട കുടുംബത്തിനും 15 ലക്ഷം രൂപ വീതമാണ് പദ്ധതി തുകയായി നിശ്ചയിച്ചിട്ടുള്ളത്. പദ്ധതി പ്രദേശത്ത് താമസിക്കുന്ന അപേക്ഷകർക്ക് പദ്ധതിയുടെ അംഗീകൃത മാർഗ്ഗരേഖ പ്രകാരം ഉപയൂണിറ്റിന് അർഹതയുണ്ട്. നവകിരണം പദ്ധതി റീബിൽഡ് കേരള ഡെവലപ്മെന്റ്/കിഫ്ബി ഫേസ് 2 പദ്ധതി മുഖേനയാണ് നടപ്പാക്കി വരുന്നത്. നിലവിൽ ആർ.കെ.ഡി.പി. പദ്ധതി മുഖാന്തിരം 449 പേർക്ക് രണ്ടാം ഗഡുവും

165 പേർക്ക് ഒന്നാം ഗഡുവും, കിഫ്ബി പദ്ധതി മുഖാന്തിരം 153 പേർക്ക് രണ്ടാം ഗഡുവും 17 പേർക്ക് ഒന്നാം ഗഡുവും ലഭ്യമാക്കി. പദ്ധതി തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**അനുബന്ധം**

| RKDP | | KIIFB | |
|---|---|---|---|
| RKDP | Amount (Cr) | KIIFB | Amount (Cr) |
| 2021-22 | 9.15 | 2020-21 | 0.75 |
| 2022-23 | 28.05 | 2021-22 | 2.175 |
| 2023-24 | 35.325 | 2022-23 | 14.4 |
| 2024-25 | 7.2 | 2023-24 | 6.825 |
| Total | **79.725** | 2024-25 | 0.075 |
| | | Total | **24.225** |

ശിപാർശ

4406-01-070-99 —റോഡുകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ

വനപാതകൾ മെച്ചപ്പെടുത്തി വനം വകുപ്പിലെ ജീവനക്കാരുടെ സഞ്ചാരം സുഗമമാക്കി വനസംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തകർന്ന ഫോറസ്റ്റ് റോഡുകളുടെ റീ-ടാറിംഗ്, 850 കി.മീ. റോഡുകളുടെ ടാറിംഗ് എന്നിവയ്ക്കായി നടപ്പുവർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -7)

സർക്കാർ സ്വീകരിച്ച നടപടി

4406-01-070-99- റോഡുകൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം അനുവദിച്ചിരുന്ന 4 കോടി രൂപയിൽ 260.00 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയതിൽ 245.40774 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

4406-01-070-97— <u>കെട്ടിടങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ

ഓഫീസ് കെട്ടിടങ്ങൾ, പിക്കറ്റ് സ്റ്റേഷൻ, ചെക്ക്പോസ്റ്റ്, ഡോർമിറ്ററികൾ, ക്യാമ്പ് ഷെഡ്, ഡിപ്പോ ഓഫീസ്, ഹോസ്റ്റൽ, സർക്കിൾ ഓഫീസ്, റേഞ്ച് ഓഫീസ്, സ്റ്റാഫ് ക്വാർട്ടേഴ്സ്, വയർലെസ് ടവർ എന്നിവയുടെ നിർമ്മാണവും, നിലവിലുള്ളവയുടെ ആധുനികവൽക്കരണവും ഈ പദ്ധതിയിലൂടെ നടപ്പുവർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം പ്രസ്തുത പ്രവർത്തികൾക്ക് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -8)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

4406-01-070-97 - കെട്ടിടങ്ങൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം അനുവദിച്ചിരുന്ന 4 കോടി രൂപയിൽ 260.00 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയതിൽ 246.67975 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

4406-01-105-87(01)—<u>തോട്ടങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ -വന്മരത്തോട്ടങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ

വൻമരതോട്ടങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക, നശിച്ചുപോയ തോട്ടങ്ങളെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുക എന്നീ പ്രവർത്തികളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നടപ്പുവർഷം 209 ഹെക്ടർ സ്ഥലത്ത് തേക്ക് പ്ലാന്റ് ചെയ്യുന്നതിനും 630 ഹെക്ടർ പ്ലാന്റേഷന്റെ

അറ്റകുറ്റപ്പണികൾക്കുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -9)

സർക്കാർ സ്വീകരിച്ച നടപടി

4406-01-105-87(01) - തോട്ടങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ - വൻമരത്തോട്ടങ്ങൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം അനുവദിച്ചിരുന്ന 5 കോടി രൂപയിൽ 364.10 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. ആയതിൽ 330.99918 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

അധിക തുക അനുവദിച്ചിട്ടില്ല.

**നോൺ പ്ലാൻ**

ശിപാർശ

2406-01-101-90— 1999-ലെ കേരളാ ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ട് റൂൾ, (തേക്ക് പൾപ്പ് വുഡ്) അനുസരിച്ച് തേക്ക് ഫണ്ടിലേക്ക് മാറ്റപ്പെടുന്നത്.

ബഡ്ജറ്റ് വിഹിതം : 10.6553 കോടി രൂപ

സംസ്ഥാന സർക്കാരിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നാണ് ഈ ശീർഷകം. കേരളത്തിലുടനീളം ടെറിറ്റോറിയൽ വന ഡിവിഷനുകളിൽ നിന്നും വിൽക്കുന്ന തേക്കിന്റെ വിലയുടെ 5% വും പൾപ്പ് വുഡിന്റെ വിലയുടെ 50%-വും ചേർത്താണ് കേരള ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ട് സ്വരൂപിക്കുന്നത്. തേക്ക്, പൾപ്പ് വുഡ് എന്നിവയുടെ തോട്ട നിർമ്മാണ/പരിചരണ ചെലവുകൾക്കായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2406-01-101-90- 1999-ലെ കേരള ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ട് റൂൾ (തേക്ക്, പൾപ്പ് വുഡ്) അനുസരിച്ച് തേക്ക് ഫണ്ടിലേയ്ക്ക് മാറ്റപ്പെടുന്നത് എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം അനുവദിച്ചിരുന്ന 10.6553 കോടി രൂപയിൽ 714.43786 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. അതിൽ 690.09376 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ശിപാർശ പ്രകാരമുള്ള തുക അധികമായി അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2406-01-105-99 —<u>സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിന്</u>

ബഡ്ജറ്റ് വിഹിതം : 36 കോടി രൂപ

പ്രായമെത്തിയ തേക്ക്, വെള്ളമരം എന്നിവ തോട്ടങ്ങളിൽ നിന്ന് മുറിച്ച് തടിയും വിറകും ശേഖരിക്കുക, വനത്തിനുള്ളിലെ കാറ്റത്ത് പിഴുത് വീഴുന്നതും ഉണങ്ങി നിൽക്കുന്നതുമായ മരങ്ങൾ മുറിച്ച് തടി ശേഖരിക്കുക തുടങ്ങിയ പ്രവർത്തികളിലൂടെ സർക്കാരിലേയ്ക്കുള്ള മുഖ്യവരുമാന സ്രോതസ്സായ ഈ പദ്ധതിയിലൂടെ നടപ്പുവർഷം സർക്കാർ 500 കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നു. വിഹിതം കൂടുതൽ അനുവദിക്കുന്ന പക്ഷം കൂടുതൽ വരുമാനം സർക്കാരിന് ലഭിക്കുന്നതാണ്. <u>ആയതിനാൽ ഈ ശീർഷകത്തിൽ 14 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -11)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2406-01-105-99 – സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിന് എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം അനുവദിച്ചിരുന്ന 36 കോടി രൂപയിൽ 2423.01214 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയതിൽ 2296.29606 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2406-01-105-94 —<u>കന്നുകാലികൾ</u>

ബഡ്ജറ്റ് വിഹിതം : 5.5 കോടി രൂപ

വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വന്യജീവി പുനരധിവാസ പരിപാലന കേന്ദ്രങ്ങളിലെ മൃഗങ്ങളുടെ പരിചരണ സംരക്ഷണങ്ങൾക്കും, മൃഗപരിപാലകരുടെ ശമ്പളം, മൃഗങ്ങൾക്കുള്ള തീറ്റ എന്നിവയ്ക്കുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക

അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ടി കേന്ദ്രങ്ങളിലെ മൃഗങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് 3.5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -12)

സർക്കാർ സ്വീകരിച്ച നടപടി

2406-01-105-94 - കന്നുകാലികൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം 5.5 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക പരിമിതമായതിനാൽ 15-3-2024-ലെ ജി.ഒ. (ആർ.റ്റി) നം.2474/2024/ഫിൻ പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന 398.54 ലക്ഷം രൂപ കൂടി അനുവദിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ റിലീസ് ചെയ്ത് നൽകിയ ആകെ തുകയായ (550+398.54 ലക്ഷം) 948.54 ലക്ഷം രൂപയിൽ നിന്നും 805.26726 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

2406-01-800-92 —വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം

ബഡ്ജറ്റ് വിഹിതം : 70 ലക്ഷം രൂപ

വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും, കൃഷി, വാസസ്ഥലം മുതലായവ നഷ്ടപ്പെട്ടവർക്കും ആശ്വാസ ധനസഹായം നൽകുന്നതിനും ഇത്തരത്തിൽ മുൻ വർഷങ്ങളിൽ കുടിശ്ശികയായ 11.50 കോടി രൂപ നൽകുന്നതിനുമായി നടപ്പു സാമ്പത്തികവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ 10 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -13)

സർക്കാർ സ്വീകരിച്ച നടപടി

2406-01-800-92-വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം 70 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക പരിമിതമായതിനാൽ 19-2-2024-ലെ ജി.ഒ. (ആർ.റ്റി.) നം.1494/2024/ഫിൻ പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന 13.00 കോടി രൂപയും അനുവദിച്ചിരുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ റിലീസ് ചെയ്ത് നൽകിയ (70+1300 ലക്ഷം) 1370.00 ലക്ഷം രൂപയിൽ നിന്നും 1361.35545 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നൽകുന്ന ആശ്വാസ ധനസഹായം തുലോം അപര്യാപ്തമായതിനാൽ നാശനഷ്ടങ്ങളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ യഥാർത്ഥ നഷ്ടം കണക്കാക്കി നിശ്ചിത മാനദണ്ഡ പ്രകാരം തുക പുതുക്കി നിശ്ചയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -14)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സർക്കാർ ഉത്തരവ് (കൈ) നം.02/2015/വനം. തീയതി 8-1-2015 പ്രകാരമുള്ള ഉത്തരവും ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് 1980 എന്ന ഉത്തരവും അനുസരിച്ചാണ് വന്യമൃഗ ആക്രമണം മൂലമുള്ള വിവിധതരം നാശനഷ്ടങ്ങൾക്ക് വനംവകുപ്പ് നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നത്. ആയത് പ്രകാരമുള്ള തുക അപര്യാപ്തമാണെന്ന് കാണിച്ചുകൊണ്ട് നിരവധി പരാതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് 1980-ലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും വിള ഇൻഷുറൻസ് പദ്ധതിയിൽ ചേർന്നിട്ടില്ലാത്തവർക്ക് കൃഷി വകുപ്പ് നൽകുന്ന രീതിയിൽ നഷ്ടപരിഹാരം നൽകുന്നതിനുമുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നതിൽ സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്തി ശിപാർശയായി സമർപ്പിക്കുവാൻ വൈൽഡ് ലൈഫ് വാർഡനോട് നിലവിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**ധനാഭ്യർത്ഥന നമ്പർ XXXIV**

കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്

**നോൺ പ്ലാൻ**

ശിപാർശ

2406-02-110-59-36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം - 17.82 ലക്ഷം രൂപ

മുൻ വർഷങ്ങളിലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ശമ്പളേതരം എന്ന ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക ബോർഡിലെ മറ്റ് ഓഫീസ് ചെലവുകളായ കെട്ടിടവാടക, വാട്ടർചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ്, സ്റ്റേഷനറി എന്നിവയ്ക്ക് അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 15)

സർക്കാർ സ്വീകരിച്ച നടപടി

2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ ശമ്പളേതര ചെലവുകൾക്കായി "2406-02-110-59-36” എന്ന ശീർഷകത്തിൽ സർക്കാർ 17,82,000 രൂപ (പതിനേഴ് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപ മാത്രം) ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളതും മേൽ തുക ചെലവഴിക്കുന്ന മുറയ്ക്ക് അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണ് എന്ന് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അറിയിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ ഇക്കാര്യത്തിൽ അധിക ധനാനുമതി മുഖേന തുകയൊന്നും തന്നെ അനുവദിച്ച് നൽകിയിട്ടില്ല.

**ധനാഭ്യർത്ഥന നമ്പർ XVII**

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

**പ്ലാൻ**

ശിപാർശ

3435-04-103-96—കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ബഡ്ജറ്റ് വിഹിതം - 5 കോടി രൂപ

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പൊതുജന ബോധവൽക്കരണം, പരിസ്ഥിതി നിരീക്ഷണവും നടത്തിപ്പും, കഴിവുകൾ വികസിപ്പിക്കൽ കൂടാതെ വായുവിന്റെ ഗുണ നിലവാരം രേഖപ്പെടുത്തുന്നതിനായി ഇടുക്കി, കാസർഗോഡ് ജില്ലകളിൽ വായു ഗുണനിലവാര നിരീക്ഷണ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനും പ്രസ്തുത സ്റ്റേഷനുകൾക്കാവശ്യമായ Chromatography machine വാങ്ങുന്നതിനായും നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം പദ്ധതി നിർവ്വഹണത്തിന് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.9529 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 16)

സർക്കാർ സ്വീകരിച്ച നടപടി

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ 8.15% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ അധിക തുക ഇപ്പോൾ അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് ധന വകുപ്പ് അറിയിച്ചതിനെ തുടർന്ന് അധിക ധനാനുമതി മുഖേന തുകയൊന്നും തന്നെ അനുവദിച്ച് നൽകിയിട്ടില്ല.

## ധനാഭ്യർത്ഥന നമ്പർ XLII

## വിനോദസഞ്ചാര വകുപ്പ്

### ശിപാർശ

3452-01-102-95 —പരിസ്ഥിതി ടൂറിസം ഉല്പന്നങ്ങളുടെ വികസനം

ബഡ്ജറ്റ് വിഹിതം - 2 കോടി രൂപ

മാസ്റ്റർപ്ലാൻ ഡെവലപ്മെന്റ്, ഡെസ്റ്റിനേഷനുകളുടെ മാനേജ്മെന്റ്, ഇൻർനാഷണൽ ഇക്കോ ടൂറിസം സബ്മിറ്റ്, ട്രെയിനിംഗ് എന്നിവയ്ക്കും ഇതിനകം ഭരണാനുമതി നൽകിയ മറ്റു പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 17)

### സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ അനുവദിച്ച 2 കോടി രൂപയ്ക്ക് പുറമെ 4.75 കോടി രൂപയുടെ അധിക തുക ആവശ്യമായിരുന്നു എങ്കിലും ധനകാര്യ വകുപ്പിന്റെ സീലിംഗ് പരിധി കാരണം നിലവിലെ ബജറ്റ് വിഹിതത്തിൽ നിന്നും 81.35 ലക്ഷം രൂപ മാത്രമാണ് ചെലവഴിയ്ക്കാൻ കഴിഞ്ഞിരുന്നത്. ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുക ചെലവഴിയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ കമ്മിറ്റി ശിപാർശ ചെയ്തിരുന്ന തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

3452-80-003-97 —മാനവശേഷി വികസനവും പരിശീലനവും

(01) —കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)

ബഡ്ജറ്റ് വിഹിതം - 3.3 കോടി രൂപ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) നിരവധി പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നാക്ക് അക്രിഡിറ്റേഷൻ ലഭിക്കുന്നതിനുമുള്ള നടപടികളും നടപ്പു വർഷം കർമ്മപഥത്തിൽ എത്തിക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിനാൽ നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം പദ്ധതി പ്രവർത്തനങ്ങൾക്ക് തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 1.8 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 18)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിച്ച 3.3 കോടി രൂപയ്ക്ക് പുറമെ അധിക തുക ആവശ്യമായിരുന്നു എങ്കിലും ധനകാര്യ വകുപ്പിന്റെ സീലിംഗ് പരിധി കാരണം നിലവിലെ ബജറ്റ് വിഹിതത്തിൽ നിന്നും 1.85 കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിരുന്നത്. ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കമ്മിറ്റി ശിപാർശ ചെയ്തിരുന്ന തുക വകയിരുത്തേണ്ടി വന്നില്ല.

ശിപാർശ

3452-80-104-98 —ടൂറിസം - വിപണനവും പ്രോത്സാഹനവും

34-3 —മറ്റു ചെലവുകൾ -മറ്റിനം

ബഡ്ജറ്റ് വിഹിതം - 81 കോടി രൂപ

കേരളം, വിനോദസഞ്ചാര രംഗത്ത് നിരവധി വെല്ലുവിളികളിലൂടെയാണ് കടന്നുപോകുന്നത്. 2018-ലെ പ്രളയവും 2019-ലെ നിപ്പ വൈറസിന്റെ ആക്രമണവും 2020 -ൽ ആരംഭിച്ച കോവിഡ് 19 മഹാമാരി എന്നിവ വിനോദസഞ്ചാര മേഖലയ്ക്ക് തിരിച്ചടി ഉണ്ടാക്കിയിരുന്നു. പ്രതിസന്ധികളിൽ നിന്നും കരകയറി ഉയർന്ന വളർച്ചാനിരക്കിലേക്ക് എത്താൻ കാര്യക്ഷമമായ മാർക്കറ്റിംഗ് പദ്ധതികൾ നടത്തേണ്ടതുള്ളതിനാൽ നിലവിൽ

വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 39 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 19)

സർക്കാർ സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി ടി ശീർഷകത്തിൽ അനുവദിച്ചിരുന്ന 81 കോടി രൂപയിൽ ധനകാര്യ വകുപ്പിന്റെ സീലിംഗ് പരിധി കാരണം 63.67 കോടി രൂപ മാത്രമാണ് ചെലവഴിക്കുവാൻ കഴിഞ്ഞിരുന്നത്. അധിക തുക ആവശ്യമായിരുന്നു എങ്കിലും ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുക ചെലവഴിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

3452-80-104-91 —ജില്ലാ വിനോദസഞ്ചാര പ്രോത്സാഹന കൗൺസിലുകളും സന്ദർശക പ്രോത്സാഹന ബ്യൂറോകളും (ഡി.റ്റി.പി.സി.)

ബഡ്ജറ്റ് വിഹിതം - 3 കോടി രൂപ

ജില്ലാ വിനോദസഞ്ചാര പ്രോത്സാഹന കൗൺസിലുകൾക്കും സന്ദർശക പ്രോത്സാഹന ബ്യൂറോകൾക്കും ഈ ശീർഷകത്തിൽ സ്പിൽ ഓവർ ആയ പ്രവർത്തികൾക്കുമായി 6 കോടി രൂപയും അടുത്ത വർഷം നടപ്പിലാക്കുന്ന പ്രവർത്തികൾക്കായി 4 കോടി രൂപയും ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 20)

സർക്കാർ സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിച്ച 3 കോടി രൂപയ്ക്ക് പുറമെ അധിക തുക ആവശ്യമായിരുന്നു എങ്കിലും ധനകാര്യ വകുപ്പിന്റെ സീലിംഗ് പരിധി കാരണം നിലവിലെ ബജറ്റ് വിഹിത തുകയിൽ നിന്നും 2.181 കോടി രൂപ മാത്രമാണ് ചെലവഴിക്കുവാൻ കഴിഞ്ഞിരുന്നത്. ബഡ്ജറ്റ് വിഹിതമായി ലഭ്യമായ തുക ചെലവഴിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കമ്മിറ്റി ശിപാർശ ചെയ്തിരുന്ന തുക അധികമായി ആവശ്യമായി വന്നില്ല.

ശിപാർശ

3452-80-800-90 – വിനോദസഞ്ചാര വകുപ്പിന്റെ മറ്റു പദ്ധതികൾ

(26)-സ്വകാര്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം

(33 )-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം -16.7 കോടി രൂപ

ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള യാത്രീ നിവാസുകളുടെയും ഗസ്റ്റ് ഹൗസുകളുടെയും പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും കുടിശ്ശിക നൽകുന്നതിനുമായി നടപ്പുവർഷം 32 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 21)

സർക്കാർ സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിച്ച 16.7 കോടി രൂപയ്ക്ക് പുറമെ ഇലക്ട്രിസിറ്റി സബ്സിഡി കുടിശ്ശിക ഉൾപ്പടെ അനുവദിക്കുന്നതിനായി അധിക തുക ആവശ്യമായിരുന്നു എങ്കിലും ധനകാര്യ വകുപ്പിന്റെ സീലിംഗ് പരിധി കാരണം നിലവിലെ ബജറ്റ് വിഹിത തുകയിൽ നിന്നും 4.64 കോടി രൂപ മാത്രമാണ് ചെലവഴിയ്ക്കാൻ കഴിഞ്ഞിരുന്നത്. ബഡ്ജറ്റ് വിഹിതമായി ലഭ്യമായ തുക ചെലവഴിയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ കമ്മിറ്റി ശിപാർശ ചെയ്തിരുന്ന അധിക തുക വകയിരുത്തേണ്ടി വന്നില്ല.

ശിപാർശ

3452-80-800-20 —ലീഗ് അടിസ്ഥാനത്തിലുള്ള ബോട്ട് മത്സരം

ബഡ്ജറ്റ് വിഹിതം - 12 കോടി രൂപ

വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവ് പകർന്ന നൂതന സംരംഭമായ ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങളുടെ സമ്മാന തുക, മത്സരങ്ങളുടെ സംപ്രേഷണം, സ്പോൺസർഷിപ്പുകൾ, പശ്ചാത്തലം ഒരുക്കൽ എന്നിവയ്ക്കായി നടപ്പുവർഷം 18 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം

വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 22)

സർക്കാർ സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിച്ച 12 കോടി രൂപയ്ക്ക് പുറമേ 6 കോടി രൂപയുടെ അധിക തുക ആവശ്യമായിരുന്നു. എന്നാൽ ധനകാര്യ വകുപ്പിന്റെ സീലിംഗ് പരിധി കാരണം നിലവിലെ ബജറ്റ് വിഹിതമായ തുകയിൽ നിന്നും 8.55 കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിരുന്നത്. ബഡ്ജറ്റ് പ്രൊവിഷനിൽ ലഭ്യമായ തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കമ്മിറ്റി ശിപാർശ ചെയ്തിരുന്ന അധിക തുക വകയിരുത്തേണ്ടി വന്നില്ല.

ശിപാർശ

5452-01-101-99 —അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

34-3 - മറ്റു ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം - 135.65 കോടി രൂപ

സംസ്ഥാനത്തുടനീളമുള്ള പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച ടൂറിസം ഹബ്ബ്, പിൽഗ്രിം ടൂറിസം, ക്രൂയിസ് ടൂറിസം, ടൂറിസം കോറിഡോർ തുടങ്ങിയ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നടപ്പുവർഷം 200 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 64.35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 23)

സർക്കാർ സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിച്ച 135.6 കോടി രൂപയ്ക്ക് പുറമെ അധിക തുക ആവശ്യമായിരുന്നു എങ്കിലും ധനകാര്യ വകുപ്പിന്റെ സീലിംഗ് പരിധി കാരണം നിലവിലെ ബജറ്റ് വിഹിതമായ തുകയിൽ നിന്നും 87.31 കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിരുന്നത്. ബഡ്ജറ്റ് വിഹിതമായി ലഭ്യമായ തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കമ്മിറ്റി ശിപാർശ ചെയ്തിരുന്ന അധിക തുക വകയിരുത്തേണ്ടി വന്നില്ല.

ശിപാർശ

5452-01-101-86—അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

ബഡ്ജറ്റ് വിഹിതം - 22 കോടി രൂപ

ടൂറിസം വകുപ്പ് സംസ്ഥാനത്തുടനീളവും പുറത്തുള്ള പ്രധാന പട്ടണങ്ങളിലും അതിഥി മന്ദിരങ്ങൾ, യാത്രിനിവാസുകൾ എന്നിവ നിർമ്മിക്കുകയും സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്തു വരുന്നു. നിലവിൽ വിവിധ ഇടങ്ങളിൽ അതിഥി മന്ദിരങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് അവയുടെ നിർമ്മാണത്തിനും നിലവിലുള്ളവയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 24)

സർക്കാർ സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിച്ച 22 കോടി രൂപയ്ക്ക് പുറമെ അധിക തുക ആവശ്യമായിരുന്നു എങ്കിലും ധനകാര്യ വകുപ്പിന്റെ സീലിംഗ് പരിധി കാരണം നിലവിലെ ബജറ്റ് വിഹിതമായ തുകയിൽ നിന്നും 16.492 കോടി രൂപ മാത്രമാണ് ചെലവഴിയ്ക്കാൻ സാധിച്ചിരുന്നത്. ബഡ്ജറ്റ് വിഹിതമായി ലഭ്യമായ തുക ചെലവഴിയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ കമ്മിറ്റി ശിപാർശ ചെയ്തിരുന്ന അധിക തുക വകയിരുത്തേണ്ടി വന്നില്ല.

ശിപാർശ

5452-01-800-84 —മുസിരീസ്-സ്പൈസ് റൂട്ട് പൈതൃക പദ്ധതി

ബഡ്ജറ്റ് വിഹിതം - 17 കോടി രൂപ

നടപ്പുവർഷം ആലപ്പുഴ, തലശ്ശേരി, മുസിരീസ്, ട്രാവൻകൂർ എന്നീ പൈതൃക പദ്ധതികൾക്കായി 40 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 23 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 25)

സർക്കാർ സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിച്ച 17 കോടി രൂപയ്ക്ക് പുറമെ അധിക തുക ആവശ്യമായിരുന്നു എങ്കിലും ധനകാര്യ വകുപ്പിന്റെ സീലിംഗ് പരിധി കാരണം നിലവിലെ ബജറ്റ് തുകയിൽ നിന്നും 15.12 കോടി രൂപ മാത്രമാണ് ചെലവഴിയ്ക്കാൻ കഴിഞ്ഞിരുന്നത്. ബഡ്ജറ്റ് വിഹിതമായി ലഭ്യമായ തുക ചെലവഴിയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ കമ്മിറ്റി ശിപാർശ ചെയ്തിരുന്ന അധിക തുക വകയിരുത്തേണ്ടി വന്നില്ല.

ശിപാർശ

3452-01-103-99— ടൂറിസ്റ്റ് ഗതാഗത സേവനം

21-2 —മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം - 1.239 കോടി രൂപ

ടൂറിസം വകുപ്പിനു കീഴിലുള്ള വാഹനങ്ങളാണ് ബഹു. മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മറ്റ് വി.ഐ.പി, വി.വി.ഐ.പി എന്നിവർക്ക് നൽകുന്നത്. പ്രസ്തുത വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, ഇൻഷ്വറൻസ് പുതുക്കുന്നതിനുമാണ് ഈ ശീർഷകത്തിലെ തുക ഉപയോഗിക്കുന്നത്. എന്നാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 26)

സർക്കാർ സ്വീകരിച്ച നടപടി

15/02/2024 തീയതിയിലെ G.O(Rt) 1374/2024/Fin പ്രകാരം 55,00,000 രൂപ ഈ ശീർഷകത്തിൽ അധിക ധനാനുമതി വഴി ലഭ്യമാക്കിയിരുന്നു.

ശിപാർശ

3452-01-103-99 -45—ടൂറിസ്റ്റ് ഗതാഗത സേവനം - പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം - 1.9 കോടി രൂപ

ബഹു. മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മറ്റ് വി.ഐ.പി.കൾ, വി.വി.ഐ.പി.കൾ എന്നിവർക്ക് വാഹനം നൽകുന്നതിനായി നടപ്പുവർഷം അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി

വിലയിരുത്തുന്ന ആയതിനാൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 27)

സർക്കാർ സ്വീകരിച്ച നടപടി

27/12/2023 തീയതിയിലെ G.O(Rt) 9134/2023/Fin. പ്രകാരം 60,00,000 രൂപയും 22-3-2024-ലെ G.O.(Rt)2811/2024/Fin പ്രകാരം 32,00,000 രൂപയും ഉൾപ്പെടെ ആകെ 92,00,000 രൂപ ഈ ശീർഷകത്തിൽ അധിക ധനാനുമതി വഴി ലഭ്യമാക്കിയിരുന്നു.

ശിപാർശ

3452-80-001-95 —ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും

06 -വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം - 12 ലക്ഷം രൂപ

ടൂറിസം ഗസ്റ്റ് ഹൗസുകളുടെ കെട്ടിട നികുതി കുടിശ്ശിക ഉൾപ്പടെ ഏകദേശം 51 ലക്ഷം രൂപ അടയ്ക്കുവാനുണ്ട്. ആയതിനാൽ 39 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 28)

സർക്കാർ സ്വീകരിച്ച നടപടി

12-2-2024 തീയതിയിലെ DOT-12086/2023-IB4 കത്ത് പ്രകാരം 22,07,000 രൂപ അധിക ധനവിനിയോഗാനുമതി വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും ടി തുക ലഭ്യമായിട്ടില്ല.

ശിപാർശ

3452-80-001-95 -05 -4—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും - ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം - 52.08 ലക്ഷം രൂപ

ടൂറിസം ഗസ്റ്റ് ഹൗസുകളുടെ ചെലവുമായി ബന്ധപ്പെട്ട ലോൺട്രി ബിൽ, പെറ്റി ചെലവുകൾ തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 29)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

17-2-2024 തീയതിയിലെ G.O(Rt) 1479/2024/Fin. പ്രകാരം 10,00,000 രൂപ ഈ ശീർഷകത്തിൽ അധിക ധനാനുമതി വഴി ലഭ്യമാക്കിയിരുന്നു. കൂടാതെ 23-1-2024 തീയതിയിലെ DOT-9487/2023-IB4 കത്ത് പ്രകാരം 26,05,000 രൂപ അധിക ധനവിനിയോഗാനുമതി വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും ടി തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

3452-80-003-96 —<u>ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കളമശ്ശേരി - വ്യാപനകേന്ദ്രങ്ങൾ</u>

31 – സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം - 2.3394 കോടി രൂപ

ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, പി.എഫ്. വിഹിതം, വിരമിക്കൽ ആനുകൂല്യങ്ങൾ, കെട്ടിട വാടക, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ <u>300.66 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക – 30)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

3452-80-800-88 —<u>ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ</u>

06 – വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം - 19.64 ലക്ഷം രൂപ

ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകളുടെ വാടക, കരം, നികുതി എന്നിവയ്ക്കായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ <u>16 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക – 31)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

3452-80-800-22—<u>വി.വി.ഐ.പി. സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം - 75 ലക്ഷം രൂപ

ബഹു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മറ്റ് വി.വി.ഐ.പി.- കൾ തുടങ്ങിയവരുടെ സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ <u>1.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക - 32)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

23-12-2023 തീയതിയിലെ G.O(Rt) 9082/2023/Fin. പ്രകാരം 25,00,000 രൂപയും, 3-1-2024 തീയതിയിലെ G.O(Rt)95/2024/Fin. പ്രകാരം 30,00,000 രൂപയും, 3-1-2024 തീയതിയിലെ G.O(Rt)96/2024/Fin. പ്രകാരം 25,00,000 രൂപയും, 15-1-2024 തീയതിയിലെ G.O(Rt)416/2024/Fin. പ്രകാരം 30,00,000 രൂപയും, 26-2-2024 തീയതിയിലെ G.O(Rt)1795/2024/Fin. പ്രകാരം 30,00,000 രൂപയും, 12-3-2024 തീയതിയിലെ G.O(Rt)2323/2024/Fin. പ്രകാരം 15,00,000 രൂപയും, 15-3-2024 തീയതിയിലെ G.O(Rt)2480/2024/Fin. പ്രകാരം 25,00,000 രൂപയും ഉൾപ്പെടെ ആകെ 1,80,00,000 (ഒരു കോടി എൺപത് ലക്ഷം രൂപ) ഈ ശീർഷകത്തിൽ അധിക ധനാനുമതി വഴി ലഭ്യമാക്കിയിരുന്നു.

തിരുവനന്തപുരം,
2024, ജൂലൈ 11.

എ. കെ. ശശീന്ദ്രൻ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി X*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.